സംസ്ഥാന സ്ഹകരണ സംഘങ്ങളിലെ നിയമനം

76 [1401] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:*

,, *എ. കെ. ബാലൻ:*

,, *പി. ജയരാജൻ:*

,, *എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് നിയമവ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിയമനം പി. എസ്. സി.ക്ക് വിട്ടതിനുശേഷം സംസ്ഥാനത്തെ അപ്പക്സ് സഹകരണ സംഘങ്ങളുടെയും സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെയും നിയമനവ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുകയുണ്ടായോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പി. എസ്. സി. വഴി അല്ലാതെ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ഏതെങ്കിലും തസ്തികകളിലേക്ക് സ്ഥിരമായോ താൽക്കാലികമായോ ഭരണസമിതികൾ നേരിട്ട് നിയമനം നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പി. എസ്. സി.വഴി നാളിതുവരെ ഒരു നിയമനംപോലും നടത്താതിരുന്ന അപ്പക്സ് സഹകരണ സംഘങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള നിയമവ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(ബി) മാറ്റം വരുത്തിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ പി. എസ്. സി.വഴി നാളിതുവരെ ഒരു നിയമനം പോലും നടത്തിയിട്ടില്ല.

1. കേരള സംസ്ഥാന സഹകരണ ബാങ്ക്.
2. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്.
3. കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ.
4. കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ.
5. കേരള കേര കർഷക ഫെഡറേഷൻ.
6. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ.

LIBRARY ARCHIVES Kerala Legislative Assembly